# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 996

11.07.2011 ൽ മറുപടിയ്ക്ക്

## സഹകരണ സ്വാശ്രയ കോളേജുകളിലെ ഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതെല്ലാം സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>സഹകരണ വകുപ്പിന്റെ കീഴിലുള്ള കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) ആഭിമുഖ്യത്തിൽ<br>1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ, കൊല്ലം<br>2. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ, കോട്ടയം<br>3. കോളേജ് ഓഫ് എഞ്ചിനീയറിംഗ് & മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ<br>4.കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വടകര, കോഴിക്കോട്<br>5.കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി, കണ്ണൂർ<br>6. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ, കാസറഗോഡ്<br>7. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കളമശ്ശേരി, എറണാകുളം<br>8.കോളേജ് ഓഫ് നഴ്സിംഗ് കോ-ഓപ്പറേറ്റീവ് കോളേജ്, കൊച്ചി, എറണാകുളം<br>9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി, പുന്നപ്ര, ആലപ്പുഴ |

അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരത്തിന്റെ കീഴിൽ

10. മെഡിക്കൽ കോളേജ്

11. ദന്തൽ കോളേജ് .

12. ഫാർമസി കോളേജ്

13. നേഴ്സിംഗ് കോളേജ്

14. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാമിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ)

15. സംസ്ഥാന സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് മൺവിളയിലുള്ള കോ - ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് & ടെക്നോളജി (സീമാറ്റ്)

കേരള കോ - ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ തലശ്ശേരിയിലുള്ള

16. കോളേജ് ഓഫ് നഴ്സിംഗ്

17. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ്

തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ജി. കരുണാകരൻ മെമ്മോറിയൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ

18. നേഴ്സിംഗ് കോളേജ്

19. എം. ബി. എ. കോളേജ്

20. എറണാകുളം ജില്ലയിലെ കടവന്ത്രയിലുള്ള ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗ്.

21. മലപ്പുറം ജില്ലയിലെ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിന്റെ കീഴിലുള്ള നേഴ്സിംഗ് കോളേജ്

22. കണ്ണൂർ ജില്ലയിലെ കണ്ണൂർ സഹകരണ

ആശുപത്രിയുടെ കീഴിൽ എ.കെ.ജി. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ്കോളേജ് ഓഫ് നഴ്സിംഗ്

23. കാസറഗോഡ് ജില്ലയിലെ കാസറഗോഡ് എഡ്യുക്കേഷണൽ സഹകരണ സംഘത്തിന്റെ നിയന്ത്രണത്തിൽ മുന്നാട് ആസ്ഥാനമാക്കി പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (എം. ബി. എ. കോളേജ്)

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷമായി ഫീസിനത്തിലും ഡെപ്പോസിറ്റ് ഇനത്തിലും എത്ര രൂപയാണ് ഓരോ വിദ്യാർത്ഥിയിൽനിന്നും വാങ്ങിയതെന്ന് വ്യക്തമാക്കമോ;

(ബി) വിശദമായ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സീറ്റിലെ പ്രവേശന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് സീറ്റിലെ പ്രവേശന മാനദണ്ഡങ്ങൾ സ്ഥാപനം തിരിച്ച് ചുവടെ ചേർക്കുന്നു.

1. **<u>കേപ്പ്</u>**

മെഡിക്കൽ കോളേജുകളിലേയും എഞ്ചിനീയറിംഗ് കോളേജുകളിലെയും മാനേജ്മെന്റ് സീറ്റുകളിലെ (35% സീറ്റ്) പ്രവേശനം എൻട്രൻസ് റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരമാണ് നടത്തുന്നത്. ബി.എസ്.സി. നഴ്സിംഗ് കോഴ്സിന്റെ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനം നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും നേരിട്ട് അപേക്ഷ ക്ഷണിച്ച് അതിൽ നിന്നും മെരിറ്റടിസ്ഥാനത്തിലാണ് നടത്തുന്നത്.

2. **<u>അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം</u>**

എം.ബി.ബി.എസ് നും ബി.ഡി.എസിനും സ്ഥാപനം പ്രത്യേകമായി മാനേജ്മെന്റ് ക്വാട്ടയിലേക്ക് അപേക്ഷ ക്ഷണിച്ച് അതിൽ അപേക്ഷകർ നേടിയിട്ടുള്ള കേരള പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്രകാരം

പ്രവേശനം നടത്തുന്നു. നഴ്സിംഗ്, ഫാർമസി കോഴ്സുകളിലേക്ക് മാനേജ്മെന്റ് ക്വാട്ടയിലേക്ക് ലഭിക്കുന്ന അപേക്ഷയിൽ നിന്നും അവരുടെ അടിസ്ഥാന യോഗ്യതയിലെ മാർക്കും അഭിരുചിയും കണക്കാക്കി നിശ്ചയിക്കുന്ന റാങ്കിന്റെ അടിസ്ഥാനത്തിൽ ക്രമപ്രകാരം പ്രവേശനം നടത്തുന്നു.

**3. സംസ്ഥാന സഹകരണ യൂണിയൻ**

ആകെ 30 സീറ്റാണ് മാനേജ്മെന്റ് ക്വാട്ടയിലുള്ളത്. ഇതിൽ

- 15% സീറ്റ് സഹകരണ സ്ഥാപനങ്ങളിലെയും സഹകരണ യൂണിയനിലേയും നിശ്ചിത യോഗ്യതയുള്ള എൾട്ടൈം ജീവനക്കാർക്ക്.
- 10% സീറ്റ് കേരളത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെയും സഹകരണ യൂണിയനുകളിലേയും ജീവനക്കാരുടെ മക്കൾക്ക്
- 10% സീറ്റ് കേരളത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിലെയും സഹകരണ യൂണിയനുകളിലേയും ഭരണസമിതി അംഗങ്ങളുടെ മക്കൾക്ക്
- 10% സീറ്റുകൾ സംസ്ഥാനത്ത് എൻ.ആർ.ഐ. കളുടെ മക്കൾക്ക്
- ബാക്കിയുള്ള മാനേജ്മെന്റ് സീറ്റുകൾ സംസ്ഥാന സഹകരണ യൂണിയന്റെ മാനേജിംഗ് കമ്മിറ്റി തീരുമാനത്തിനു വിധേയമായി നികത്തുന്നതാണ്.

**4. സംസ്ഥാന സഹകരണ ബാങ്ക് (CIMAT)**

CIMAT ൽ മാനേജ്മെന്റ് സീറ്റെന്ന രീതിയിൽ പ്രത്യേക പ്രവേശന രീതിയില്ല.

**5. കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ**

അപേക്ഷിക്കുന്നവരുടെ മാർക്കിന്റെ മെരിറ്റടിസ്ഥാനത്തിൽ മാത്രമാണ് അഡ്മിഷൻ നടത്തി വരുന്നത്.

**6. <u>പേരൂർക്കട സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ജി. കരുണാകരൻ മെമ്മോറിയൽ എഡ്യൂക്കേഷണൽ സൊസൈറ്റി</u>**

അടിസ്ഥാന യോഗ്യതയുടെ മാർക്ക്, ഇന്റർവ്യൂവിന്റെ മാർക്ക് എന്നിവ അടിസ്ഥാനമാക്കിയാണ് പ്രവേശന മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

**7. <u>ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗ്, കടവന്ത്ര</u>**

പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസ്. നടത്തുന്ന അലോട്ട്മെന്റ് പ്രകാരം പ്രവേശനം നടത്തുന്നു.

**8. <u>ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ഹോസ്പിറ്റൽ & റിസർച്ച് സെന്ററിന്റെ കീഴിലുള്ള നഴ്സിംഗ് കോളേജ്</u>**

പ്ലസ് ടു പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നു.

**9. <u>കണ്ണൂർ എ.കെ.ജി. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗ്.</u>**

മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നു.

**10. <u>പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, കാസറഗോഡ്</u>**

മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നടത്തുന്നില്ല.

| | |
|---|---|
| (ഡി) ഈ സ്ഥാപനങ്ങളിൽ ഫീസ് അധികമാണെന്ന് കാണിച്ച് വിദ്യാർത്ഥികൾ ഏതെങ്കിലും കേസ്സുകൾ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ഡി) കേപ്പിന്റെ കീഴിലുള്ള കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ 2006 -07 ൽ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച 31 കുട്ടികളും, 2008 -09 ൽ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച 30 കുട്ടികളും ഗവൺമെന്റ് നിശ്ചയിച്ച ഫീസ് കൂടുതലാണെന്ന കാരണത്താൽ ഗവൺമെന്റിനും കേപ്പിനുമെതിരെ താഴെപ്പറയും പ്രകാരം കേസ്സുകൾ ഫയൽ |

ചെയ്തിട്ടുണ്ട്.

1. 2006 – 07 WP (C) No. 32554/06
2. 2006 – 07 WP (C) No. 175/2007
3. 2006 – 07 WP (C) No. 973/2010
4. 2008 – 09 WP (C) No. 3479/2009
5. 2008 – 09 WP (C) No.27282/2010

പരിയാരത്തെ അക്കാഡമി ഓഫ് മെഡിക്കൽ സയൻസിൽ 2006, 2007, 2008 എന്നീ ബാച്ചുകളിലെ എം.ബി.ബി.എസ്, ബി.ഡി.എസ് വിദ്യാർത്ഥികൾ ഫീസ് അധികമാണെന്ന് കാണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ താഴെപ്പറയുന്ന കേസുകൾ സമർപ്പിച്ചിട്ടുണ്ട്.

1. 2006 – 07 WP (C) No. 9804/2009
2. 2007 – 08 WP (C) No. 23296/2009
3. 2008 – 09 WP (C) No. 32379/08
4. 2007 – 08 -ASC (P) No. 282/10

(ഇ) സഹകരണമേഖലയിലെ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം, ഫീസ് എന്നിവ സംബന്ധിച്ച് സമഗ്രമായ ഒരു പരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ